LIBRARY ARCHIVES Kerala Legislative Assembly

എൽ.എസ്.ജി.ഡി. സബ് ഡിവിഷൻ ഓഫീസിന് സ്ഥലം

83 (3285) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വന്തമായി കെട്ടിടമില്ലാത്തതും പൊതുമരാമത്ത് വകുപ്പിന്റെ കെട്ടിടത്തിൽ പ്രവൃത്തിക്കുന്നതുമായ എൽ.എസ്.ജി.ഡി. സബ് ഡിവിഷൻ ഓഫീസിന് നിർമ്മാണം പൂർത്തീകരിക്കുന്ന അങ്കമാലി മിനി സിവിൽ സ്റ്റേഷനിൽ സ്ഥലം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ;

(ബി) എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) നിർമ്മാണം പൂർത്തിയായിക്കൊണ്ടിരിക്കുന്ന അങ്കമാലി മിനി സിവിൽ സ്റ്റേഷനിൽ എൽ.എസ്.ജി.ഡി. അങ്കമാലി സബ് ഡിവിഷൻ ഓഫീസ് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ സ്ഥലം ലഭ്യമാക്കണമെന്ന് അഭ്യർത്ഥിച്ച് അങ്കമാലി എൽ.എസ്.ജി.ഡി. സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എറണാകുളം പി.ഡബ്ല്യു.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്ത് നൽകിയിരുന്നു. മിനി സിവിൽ സ്റ്റേഷനിലേയ്ക്ക് മാറ്റി സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന ഓഫീസുകളിൽ എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസും ഉൾപ്പെടുന്നതായി റവന്യൂ വകുപ്പ് അറിയിച്ചിട്ടുമുണ്ട്.

കേരള ന്യൂനപക്ഷ ധനകാര്യ വികസന കോർപ്പറേഷൻ

84 (3286) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ന്യൂനപക്ഷ ധനകാര്യ വികസന കോർപ്പറേഷന് (കെ..എസ്.എം.ഡി .എഫ് .സി .) ഇപ്പോൾ എവിടെയെല്ലാം ഓഫീസുകളുണ്ട്;

(ബി) പുതുതായി റീജിയണൽ ഓഫീസുകളും ജില്ലാ ഓഫീസുകളും ആരംഭിക്കുന്ന വിഷയം പരിഗണനയിലുണ്ടോ;

(സി) മലപ്പുറം കേന്ദ്രമാക്കി ഒരു റീജിയണൽ ഓഫീസ് ആരംഭിക്കുന്ന വിഷയം പരിഗണിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ ഓഫീസുകൾ താഴെപ്പറയുന്ന മൂന്ന് സ്ഥലങ്ങളിൽ പ്രവർത്തിച്ചുവരുന്നു.

1. കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ, കോഴിക്കോട് ഹെഡ്ഡോഫീസ്, കെ.യു.ആർ.ഡി.എഫ്.സി.ബിൽഡിംഗ്, ചക്കോരത്ത് കുളം, വെസ്റ്റ്ഹിൽ പി.ഒ.,കോഴിക്കോട്-673005.

2. കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ, എറണാകുളം റീജിയണൽ ഓഫീസ്, മൈനോറിറ്റി കോച്ചിംഗ് സെന്റർ ബിൽഡിംഗ്, ടെമ്പിൾ റോഡ്, ആലുവ-683101.

3. കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ, തിരുവനന്തപുരം റീജിയണൽ ഓഫീസ്, സമസ്ത ജൂബിലി സൗധം,3-ാം നില, റൂം നമ്പർ 302, എസ്.എസ്. കോവിൽ റോഡ്, മേലേ തമ്പാനൂർ-695001.

(ബി&സി) പുതുതായി റീജിയണൽ ഓഫീസുകൾ ആരംഭിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു.

ഡോഗ് ഷെൽട്ടർ മാറ്റി സ്ഥാപിക്കൽ

85 (3287) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരസഭാ മേഖലയിലെ തെരുവുനായ്ക്കളെ പിടികൂടി സംരക്ഷിക്കുന്നതിനുള്ള ഡോഗ് ഷെൽട്ടർ നേമം നിയോജക മണ്ഡലത്തിലെ തിരുവല്ലം വാർഡിൽ സ്ഥിതി ചെയ്യുന്ന വെറ്ററിനറി ആശുപത്രിയോടനുബന്ധിച്ച് സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ജനങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രസ്തുത മേഖലയിൽ നിന്നും ആയത് മറ്റെവിടേയ്ക്കെങ്കിലും മാറ്റി സ്ഥാപിക്കുവാൻ തയ്യാറാകുമോ?

ഉത്തരം

(എ) ഉണ്ട്. തിരുവനന്തപുരം ജില്ലാ കളക്ടർ, നഗരസഭാ സെക്രട്ടറി, നഗരസഭാ എഞ്ചിനീയർ എന്നിവരടങ്ങുന്ന മൂന്നംഗ ഭരണ നിർവ്വഹണ കമ്മിറ്റി 3-11-2015-ൽ കൂടിയ യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത സംരംഭം ഉടങ്ങുന്ന മുറയ്ക്ക് ആയതിന്മേൽ ലഭിക്കുന്ന പരാതികളും നിവേദനങ്ങളും പരിഗണിച്ചും പരിശോധിച്ചും മാത്രമേ നടപടികൾ കൈക്കൊള്ളുകയുള്ളൂ.